"ഭരണഭാഷ-മാതൃഭാഷ"

No.DWCD/684/2023-E7

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം.
തീയതി : 31-03-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**<u>സർക്കുലർ</u>**

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- ജീവനക്കാര്യം-വകുപ്പിലെ വിവിധ കീഴ് കാര്യാലയങ്ങൾ/ക്ഷേമസ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചെഞ്ച് മുഖേന നിർവ്വഹിക്കുന്നത്-അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്:-

സൂചന:- 1) വനിതാ ശിശുവികസന ഡയറക്ടറുടെ 09/05/2023 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
2) തൃശ്ശൂർ ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ 06/12/2024 തീയതിയിലെ DWCDO/ TSR/4416/2024 നമ്പർ കത്ത്

വനിതാ ശിശുവികസന വകുപ്പിന് കീഴിലെ പി.എസ്.സി യുടെ പരിധിയിൽ വരാത്ത എല്ലാ കരാർ,താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചെഞ്ച് മുഖേന നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.എംപ്ലോയ്മെന്റ് എക്സ്ചെഞ്ച് മുഖേന ഉദ്യോഗാർത്ഥികൾ ലഭ്യമാകാത്ത പക്ഷം ഇന്റർവ്യൂ ബോർഡ്/സെലക്ഷൻ കമ്മിറ്റി കൂടിയാലോചന നടത്തി മീറ്റിംഗ് മിനിട്ട്സിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ച് ഉദ്യോഗാർത്ഥികളെ കണ്ടെത്തുവാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിൽ നിന്നും നിയമനത്തിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ ചിലർ സേവനത്തിന് സന്നദ്ധത കാണിക്കുന്നില്ലെന്നും ആയതിനാൽ താൽക്കാലിക നിയമനങ്ങൾ ഓപ്പൺ നോട്ടിഫിക്കേഷൻ മുഖേന നടത്തുന്നതിനുള്ള അനുവാദം നൽകണമെന്നും തൃശ്ശൂർ ജില്ലാ വനിതാ ശിശുവികസന ഓഫീസർ സൂചന (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

വകുപ്പിന് കീഴിലെ പി.എസ്.സി യുടെ പരിധിയിൽ വരാത്ത എല്ലാ കരാർ,താൽക്കാലിക നിയമനങ്ങളും സൂചന (1) പ്രകാരമുള്ള സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ നടത്തുവാൻ പാടുള്ളു. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്ത പക്ഷം മാത്രം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും Non Availability Certificate വാങ്ങി ഇന്റർവ്യൂ ബോർഡ്/സെലക്ഷൻ കമ്മിറ്റി കൂടിയാലോചന നടത്തി മീറ്റിംഗ് മിനുട്ട്സിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ച് ഉദ്യോഗാർത്ഥികളെ കണ്ടെത്തേണ്ടതാണ്. പ്രസ്തുത നിയമനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നുള്ള Non Availability Certificate-ന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നതെന്ന് ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

Signed by
Haritha V Kumar
Date: 02-04-2025 12:45:17
വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും

പകർപ്പ്-സ്റ്റോക്ക് ഫയൽ/സ്പെയർ